പതിനാലാം കേരള നിയമസഭ

ഒമ്പതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3214 — 07.02.2018-ൽ മറുപടിക്ക്

## മത്സ്യത്തൊഴിലാളികൾക്ക് ഫിഷറീസ് വകുപ്പ് നൽകുന്ന സംരക്ഷണം

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ.പാറക്കൽ അബ്ദുല്ല | | ശ്രീമതി. ജെ.മേഴ്സിക്കുട്ടി അമ്മ<br>(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പമന്ത്രി) |
| (എ) | നിലവിൽ കടലിൽ മത്സ്യബന്ധനത്തിന് പോകുന്ന മത്സ്യത്തൊഴിലാളികൾക്ക് ഫിഷറീസ് വകുപ്പ് നൽകുന്ന സംരക്ഷണം എന്തൊക്കെയാണ് എന്ന് വ്യക്തമാക്കുമോ; | (എ) | മത്സ്യത്തൊഴിലാളികളെ സംരക്ഷിക്കുന്നതിനായി സർക്കാർ വിവിധ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ട്. മത്സ്യത്തൊഴിലാളി ഭവനനിർമ്മാണ ധനസഹായ പദ്ധതി, മത്സ്യത്തൊഴിലാളി സമ്പാദ്യ സമാശ്വാസ പദ്ധതി, മത്സ്യത്തൊഴിലാളി ഭവന പുന:രുദ്ധാരണ പദ്ധതി, ശൗചാലയ നിർമ്മാണ ധനസഹായ പദ്ധതി, മത്സ്യത്തൊഴിലാളികളുടെ മക്കൾക്കുള്ള വിദ്യാഭ്യാസ ആനുകൂല്യപദ്ധതി, മത്സ്യത്തൊഴിലാളി കോളനി ഭവന നിർമ്മാണ പുനഃരുദ്ധാരണ പദ്ധതി, ജി.ആർ.എഫ്.റ്റി, എച്ച്.എച്ച്.എസ്.എസ് അലവൻസ്, ഓപ്പൺ വാട്ടർ വാച്ചിംഗ് പദ്ധതി, സൗജന്യ റേഷൻ, മത്സ്യത്തൊഴിലാളി അടിസ്ഥാന സൗകര്യ വികസന പദ്ധതി, പ്രകൃതി ക്ഷോഭത്തിൽ വള്ളവും വലയും നഷ്ടപ്പെട്ടതിനുള്ള നഷ്ടപരിഹാരം എന്നീ പദ്ധതികൾ ഫിഷറീസ് വകുപ്പ് നേരിട്ട് നടപ്പിലാക്കിയിട്ടുണ്ട്. കൂടാതെ വകുപ്പിന്റെ ഏജൻസികളായ മത്സ്യഫെഡ്, മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ്, കേരള തീരദേശ വികസന കോർപ്പറേഷൻ എന്നിവ വഴി മത്സ്യത്തൊഴിലാളി സംരക്ഷണത്തിനായി വിവിധ പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്. |
| (ബി) | ഓഖി ചുഴലിക്കാറ്റിന്റെയും അതുമൂലമുണ്ടായ ദുരന്തത്തിന്റെയും പശ്ചാത്തലത്തിൽ കടലിൽ പോകുന്ന മത്സ്യത്തൊഴിലാളികളുടെ സുരക്ഷ ഉറപ്പുവരുത്താൻ എന്തെങ്കിലും പുതിയ സംവിധാനത്തിന് രൂപം നൽകുമോ; | (ബി) | ഓഖിചുഴലിക്കാറ്റിന്റെയും അതുമൂലമുണ്ടായ ദുരന്തത്തിന്റെയും പശ്ചാത്തലത്തിൽ കടലിൽ മത്സ്യബന്ധനത്തിനായി പോകുന്നവരുടെ സുരക്ഷ വർദ്ധിപ്പിക്കുന്നതിനുവേണ്ടി പുതിയ സംവിധാനം എന്ന നിലയിൽ കാലാവസ്ഥാ മുന്നറിയിപ്പ് നൽകുന്നതിന് സഹായകമായ ISRO വികസിപ്പിച്ചെടുത്ത 'നാവിക്' എന്ന ഉപകരണം വിതരണം ചെയ്യുന്നതിനുള്ള നടപടികൾ അതിവേഗം പുരോഗമിച്ചുവരുന്നു. കൂടാതെ കാലാവസ്ഥ മുന്നറിയിപ്പുകൾ, മത്സ്യലഭ്യത എന്നിവ മത്സ്യത്തൊഴിലാളികളിൽ നേരിട്ട് എത്തിക്കുന്നതിന് ഇൻകോയിസുമായി ധാരണാപത്രത്തിൽ ഒപ്പ് വെച്ചിട്ടുണ്ട്. അതിലേക്കായി 145778 മത്സ്യത്തൊഴിലാളികളുടെ ടെലഫോൺ നമ്പരുകൾ ശേഖരിച്ച് INCOIS ന് കൈമാറിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| (സി) | എങ്കിൽ ഉപഗ്രഹമുപയോഗിച്ച് മത്സ്യത്തൊഴിലാളികൾക്ക് സന്ദേശമെത്തിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ നൽകുമോ; | (സി) | കാലാവസ്ഥാ മുന്നറിയിപ്പും മറ്റും മത്സ്യത്തൊഴിലാളികളെ മുൻകൂട്ടി അറിയിക്കുന്നതിന് സഹായകമായ ISRO തയ്യാറാക്കിയ 'നാവിക്' എന്ന ഉപകരണം മത്സ്യബന്ധനയാനങ്ങളിൽ ഘടിപ്പിക്കുന്നതോടെ മത്സ്യത്തൊഴിലാളികൾക്ക് ഉപഗ്രഹസഹായത്തോടെ സന്ദേശങ്ങൾ അപ്പപ്പോൾ ലഭ്യമാക്കുന്നതാണ്. കൂടാതെ മത്സ്യത്തൊഴിലാളികളിൽ നിന്നും ലഭ്യമായ മൊബൈൽ നമ്പറുകൾ ഇൻകോയിസിന് കൈമാറിയിട്ടു ണ്ട്. ഇൻകോയിസ് ഈ മൊബൈൽ നമ്പരുകളിലേയ്ക്ക് കാലാവസ്ഥ മുന്നറിയിപ്പുകൾ ലഭ്യമാക്കുന്നതാണ്. |
| (ഡി) | കൂടാതെ ഇവരുടെ വിവരങ്ങൾ കൃത്യമായി രേഖപ്പെടുത്താൻ ടോക്കൺ സമ്പ്രദായം ഏർപ്പെടുത്തുമോ; | (ഡി) | മത്സ്യത്തൊഴിലാളികൾ മത്സ്യബന്ധനത്തിന് പോകുന്ന സമയത്തും തിരിച്ച് കരയിലെത്തുന്ന സമയത്തും മത്സ്യത്തൊഴിലാളികളുടെ വിവരങ്ങൾ രേഖപ്പെടുത്തുന്നതിനുള്ള മൊബൈൽ ആപ്ലിക്കേഷൻ സംവിധാനം NIC വികസിപ്പിച്ചെടുത്തിട്ടു ണ്ട്. അത് ഉടൻ നടപ്പിലാക്കും. |
| (ഇ) | മത്സ്യബന്ധനയാത്ര നിരീക്ഷണ സംവിധാനം ബോട്ടുകളിൽ ഘടിപ്പിക്കുമോ; ഇതിനു പുറമെ മറ്റ് എന്തൊക്കെ സുരക്ഷാസംവിധാനങ്ങൾ ഏർപ്പെടുത്താനാണ് ഉദ്ദേശിക്കുന്നത്; വ്യക്തമാക്കുമോ? | (ഇ) | മത്സ്യബന്ധന ബോട്ടുകളുടെ സഞ്ചാരപാത മനസ്സിലാക്കുവാൻ സാധിക്കുന്ന ആട്ടോമാറ്റിക് വെസ്സൽ ട്രാക്കിംഗ് സംവിധാനം ഇതിനകം കൊല്ലം, എറണാകുളം, കോഴിക്കോട്, തുടങ്ങിയ മൂന്ന് ജില്ലകളിൽപ്പെട്ട 215 ബോട്ടുകളിൽ ഘടിപ്പിച്ച് കഴിഞ്ഞു. ആദ്യ ഘട്ടത്തിൽ ഇനി 85 ബോട്ടുകളിൽ കൂടി ഘടിപ്പിക്കുന്നതാണ്. കടലിൽ മത്സ്യബന്ധനത്തിനായി പോകുന്നവരുടെ സുരക്ഷ വർദ്ധിപ്പിക്കുന്നതിനുവേണ്ടി പുതിയ സംവിധാനം എന്ന നിലയിൽ കാലാവസ്ഥാ മുന്നറി |
| | | | യിപ്പ് നൽകുന്നതിന് സഹായകമായ ISRO വികസിപ്പിച്ചെടുത്ത 'നാവിക്' എന്ന ഉപകരണം വിതരണം ചെയ്യുന്നതിനുള്ള നടപടികൾ അതിവേഗം പുരോഗമിച്ചുവരുന്നു. കൂടാതെ കാലാവസ്ഥ മുന്നറിയിപ്പുകൾ, മത്സ്യലഭ്യത എന്നിവ മത്സ്യത്തൊഴിലാളികളിൽ നേരിട്ട് എത്തിക്കുന്നതിന് ഇൻകോയിസുമായി ധാരണപത്രത്തിൽ ഒപ്പ് വെച്ചിട്ടുണ്ട്. അതിലേക്കായി 145778 മത്സ്യത്തൊഴിലാളികളുടെ ടെലഫോൺ നമ്പരുകൾ ശേഖരിച്ച് INCOIS ന് കൈമാറിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ